LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കെ.എ.പി. എട്ടാം ബറ്റാലിയൻ എന്നൊരു ബറ്റാലിയൻ നിലവിൽ ഇല്ല. 1995-1996-ൽ കോട്ടയം, ഇടുക്കി ജില്ലകളിലേക്ക് നിയമിക്കപ്പെട്ടതും സ്ഥിര നിയമനത്തിന് കോട്ടയം ജില്ല തെരഞ്ഞെടുത്തവരുമായ പോലീസ് സേനാംഗങ്ങളിൽ 155 പേർ ഇപ്പോൾ കെ.എ.പി. അഞ്ചാം ബറ്റാലിയനിൽ ഏഴുവർഷമായി പ്രവർത്തി എടുത്തുവരുന്നു.

(ബി) അത്തരത്തിൽ ആരെയും കെ.എ.പി. 5-ാം ബറ്റാലിയനിൽ നിലനിർത്തിയിട്ടില്ല.

(സി) 6-5-2003-ലെ ഡി.ജി.പി.യുടെ സർക്കുലർ നമ്പർ 9/2003 പ്രകാരം പാലക്കാട് ജില്ലാ സായുധ സേനയിലുണ്ടായ 218 ഒഴിവുകൾ നികത്തുന്നതിനായി കെ.എ.പി. 2-ാം ബറ്റാലിയനിൽ (പാലക്കാട് ജില്ലയ്ക്കുവേണ്ടിയുള്ള) യോഗ്യരായിട്ടുള്ള 21 പേരെ സ്ഥലംമാറ്റിയശേഷമുള്ള 197 ഒഴിവുകൾ നികത്തുന്നതിനായി തൃശ്ശൂർ കെ.എ.പി. 5-ാം ബറ്റാലിയനിൽ നിന്നും യോഗ്യരായ 197 പേരെ പാലക്കാട് ജില്ലാ സായുധ സേനയിലേക്ക് താല്ക്കാലികമായി സ്ഥലം മാറ്റിയിട്ടുണ്ട്. ഇവർക്ക് കോട്ടയം/ഇടുക്കി ജില്ലാ സായുധ സേനകളിൽ ഒഴിവുകൾ ഉണ്ടാകുന്നമുറയ്ക്ക് സീനിയോറ്റി അനുസരിച്ച് സ്ഥലംമാറ്റം നൽകുന്നതാണ്.

(ഡി) ഇപ്പോൾ കോട്ടയം ജില്ലയിലെ ലോക്കൽ പോലീസിൽ മൂന്ന് പോലീസ് കോൺസ്റ്റബിൾമാരുടെ ഒഴിവുകൾ മാത്രമേ നിലവിലുള്ളൂ. എ.എസ്.ഐ.-മാരുടെ നാല് ഒഴിവുകളും നിലവിലുണ്ട്. കോട്ടയം ജില്ല സായുധസേനയിൽ ഉണ്ടാകുന്ന ഒഴിവുകൾ കെ.എ.പി. അഞ്ചാം ബറ്റാലിയനിൽ സേവനമനുഷ്ഠിക്കുന്ന പോലീസുകാരെ അവരുടെ സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ നിലവിലുള്ള നിയമത്തിന് അനുസരണമായി സ്ഥലംമാറ്റം നൽകി നിയമിച്ചുവരുന്നുണ്ട്.

മാവേലിക്കരയിൽ കുടുംബകോടതി സ്ഥാപിക്കാൻ നടപടി

83 (T4518) ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

ആലപ്പുഴ ജില്ലയിൽ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന കുടുംബകോടതി മാവേലിക്കരയിൽ സ്ഥാപിക്കുവാൻ വേണ്ട നടപടി സ്വീകരിക്കുമോ ?

ഉത്തരം

ആലപ്പുഴ ജില്ലയിൽ കുടുംബകോടതി സ്ഥാപിക്കുവാൻ സർക്കാർ തീരുമാനം എടുത്തിട്ടുണ്ട്. എവിടെയാണ് കോടതി സ്ഥാപിക്കേണ്ടതെന്ന് ഹൈക്കോടതിയുടെ അഭിപ്രായം ആരാഞ്ഞതിനു ശേഷമേ തീരുമാനിക്കുകയുള്ളൂ.

ഫയർ സ്റ്റേഷനുകളിൽ സുരക്ഷാ ഉപകരണങ്ങളുടെ അഭാവം

84 (4519) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) അപകട ഘട്ടങ്ങളിൽ ഉപയോഗിക്കുന്നതിന് ഫയർ സ്റ്റേഷനുകളിൽ സുരക്ഷാ ഉപകരണങ്ങൾ ഇല്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

T മാറ്റിവയ്ക്കപ്പെട്ട ചോദ്യത്തെ സൂചിപ്പിക്കുന്നു

(ബി) ഫയർമാൻമാർക്ക് പരിശീലനം നൽകുന്നതിന് നിലവിലുള്ള സംവിധാനം വ്യക്തമാക്കാമോ ;

(സി) സംസ്ഥാനത്ത് എത്ര ഫയർ സ്റ്റേഷനുകൾ ഉണ്ട്, വിവിധ തസ്തികകളിലായി എത്ര ജീവനക്കാരുണ്ട്, ഇതിന്റെ തസ്തിക തിരിച്ച് എണ്ണം വ്യക്തമാക്കാമോ ;

(ഡി) ഓരോ തസ്തികയിലും എത്ര ഒഴിവുകളുണ്ടെന്നും ഒഴിവുകൾ നികത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്നും അറിയിക്കാമോ ;

(ഇ) മീൻചന്ത ഫയർ സ്റ്റേഷനിലെ ജീവനക്കാർക്കായി നിർമ്മിച്ച ക്വാർട്ടേഴ്സ് ജീവനക്കാർക്ക് നൽകാൻ ഇനി എന്തെല്ലാം ജോലികൾകൂടി തീർക്കാനുണ്ടെന്നും അത് എന്നത്തേയ്ക്ക് അനുവദിക്കാനാകും എന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ) അപകടങ്ങളിൽ ഉപയോഗിക്കുന്നതിന് ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷനുകളിൽ അത്യാവശ്യം വേണ്ട ആധുനികസുരക്ഷാ ഉപകരണങ്ങൾ അടിയന്തിരമായി വാങ്ങി നൽകുന്നതിനുള്ള നടപടികൾ എടുത്തു കൊണ്ടിരിക്കുകയാണ്. ലഭ്യമാകുന്ന മുറയ്ക്ക് അവ സ്റ്റേഷനുകളിൽ വിതരണം ചെയ്യുന്നതാണ്. അത്യാവശ്യം വേണ്ട സുരക്ഷാ ഉപകരണങ്ങൾ (ആധുനികമല്ലാത്തത്) ജില്ലാ ഹെഡ്ക്വാട്ടേഴ്സ് സ്റ്റേഷനുകളിൽ ഉണ്ട്.

(ബി) കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന അഡ്വൈസ് ചെയ്യുന്ന ഫയർമാൻ റിക്രൂട്ടുകൾക്ക് തെരഞ്ഞെടുക്കപ്പെട്ട വിവിധ കേന്ദ്രങ്ങളിൽ വച്ച് ആറു മാസത്തെ പരിശീലനവും അതിനുശേഷം ആറുമാസത്തെ സ്റ്റേഷൻ ട്രെയിനിംഗുമാണ് നൽകിവരുന്നത്. പരിശീലനം വിജയകരമായി പൂർത്തിയാകുന്നമുറയ്ക്ക് ഇവരെ സർവ്വീസിൽ സ്ഥിരപ്പെടുത്തുകയും ചെയ്യുന്നു.

(സി) സംസ്ഥാനത്ത് ആകെ 67 ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷനുകൾ ഉണ്ട്. വിവിധ തസ്തികകളിലായി ആകെ 3172 ജീവനക്കാരുണ്ട്. തസ്തിക തിരിച്ചുള്ള വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ഡി) ഒഴിവുകൾ നികത്താൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ഓരോ തസ്തികയിലും ഉള്ള ഒഴിവുകളുടെ എണ്ണം ചുവടെ ചേർക്കുന്നു :

1.	ഡെപ്യൂട്ടി ഡയറക്ടർ	– 1
2.	അസിസ്റ്റന്റ് ഡിവിഷണൽ ഓഫീസർ	– 1
3.	ഫയർമാൻ ഡ്രൈവർ	– 76
4.	ഡ്രൈവർ മെക്കാനിക്	– 10
5.	എൽ.ഡി. ക്ലാർക്ക്	– 9

† അനുബന്ധം - VIII

LIBRARY ARCHIVES Kerala Legislative Assembly

6.	ടൈപ്പിസ്റ്റ്	-	2
7.	ഫയർമാൻ	-	572
8.	പ്യൂൺ	-	1
9.	നൈറ്റ് വാച്ചർ	-	3

(ഇ) ക്വാർട്ടേഴ്സുകളിൽ മീറ്റർ ഫിറ്റ് ചെയ്യുന്ന ജോലികളും അതിനോട് അനുബന്ധമായ ചില്ലറ ജോലികളും ബാക്കിയുള്ളതിനാൽ ക്വാർട്ടേഴ്സിലേക്ക് കറന്റ് ചാർജ് ചെയ്തിട്ടില്ല. ജലവിതരണം നടത്തുന്നതിനായി പമ്പ് ഹൗസിന്റെ ത്രീ ഫേസ് കണക്ഷനുവേണ്ടിയുള്ള നടപടികൾ നടന്നുവരുന്നു. പണി പൂർത്തിയാക്കുമ്പോൾ അപേക്ഷ നൽകിയവരുടെ മുൻഗണന അനുസരിച്ച് ക്വാർട്ടേഴ്സ് അനുവദിക്കുന്നതാണ്.

ഫയർഫോഴ്സ് ടെക്നിക്കൽ ഡയറക്ടർ ശിവദാസന്റെ സസ്പെൻഷൻ

85 (4520) ശ്രീ. പിരപ്പൻകോട് മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഫയർഫോഴ്സിൽ ടെക്നിക്കൽ ഡയറക്ടറായിരുന്ന ശിവദാസൻ എന്നയാളെ കൈക്കൂലി കേസിൽ വിജിലൻസ് അറസ്റ്റ് ചെയ്തിരുന്നുവോ ;

(ബി) എങ്കിൽ ഇത് സംബന്ധിച്ച കേസിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണ് ;

(സി) സസ്പെൻഷനിലായിരുന്ന ശിവദാസനെ സർവ്വീസിൽ തിരികെ പ്രവേശിപ്പിക്കുവാനുള്ള നിർദ്ദേശം പരിഗണനയിലുണ്ടോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 28-5-2002-ലെ വി.സി.3/2002/സി.ആർ.ഇ. നമ്പർ പ്രകാരം കൈക്കൂലി കേസിൽ ഫയർഫോഴ്സ് ടെക്നിക്കൾ ഡയറക്ടറായിരുന്ന ശിവദാസനെ അറസ്റ്റ് ചെയ്തിരുന്നു.

(ബി) കേസിന്റെ അന്വേഷണം പൂർത്തിയായി. അന്വേഷണ റിപ്പോർട്ട് സൂക്ഷ്മ പരിശോധനയിലാണ്.

(സി) സർക്കാരിന്റെ പരിശോധനയിലുണ്ട്.

ജയിൽ ഉപദേശസമിതികളുടെ പ്രവർത്തനം

86 (4521) ശ്രീ. ടി. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഏതെല്ലാം ജയിലുകളിലാണ് ഉപദേശകസമിതികൾ ഇപ്പോൾ പ്രവർത്തിക്കുന്നത് ;

(ബി) കഴിഞ്ഞ രണ്ടുവർഷത്തിനിടയിൽ ജയിൽ ഉപദേശകസമിതികൾ സർക്കാരിന് നൽകിയ പ്രധാന ശുപാർശകൾ എന്തൊക്കെയാണ് ;

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം- VIII

[30-7-2003-ലെ 84(4519)-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം ദയവായി കാണുക]

തസ്തിക തിരിച്ചുള്ള വിവരം

1.	കമാണ്ടന്റ് ജനറൽ	..	1
2.	ഡയറക്ടർ (ടെക്നിക്കൽ)	..	1
3.	ഡെപ്യൂട്ടി ഡയറക്ടർ	..	1
4.	ഡിവിഷണൽ ആഫീസർ	..	3
5.	അസിസ്റ്റന്റ് ഡിവിഷണൽ ആഫീസർ	..	14
6.	മാനേജർ	..	1
7.	അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ	..	1
8.	സീനിയർ സൂപ്രണ്ട്	..	4
9.	ജൂനിയർ സൂപ്രണ്ട്	..	5
10.	ഹെഡ് അക്കൗണ്ടന്റ്	..	1
11.	യു.ഡി. ക്ലാർക്ക്	..	52
12.	എൽ.ഡി. ക്ലാർക്ക്	..	53
13.	സീനിയർ ടൈപ്പിസ്റ്റ്	..	1
14.	യു.ഡി. ടൈപ്പിസ്റ്റ്	..	5
15.	എൽ.ഡി. ടൈപ്പിസ്റ്റ്	..	6
16.	കോൺഷിഡൻഷ്യൽ അസിസ്റ്റന്റ്	..	2
17.	പ്യൂൺ	..	5
18.	നൈറ്റ് വാച്ചർ	..	4
19.	സ്റ്റേഷൻ ഓഫീസർ	..	73
20.	അസിസ്റ്റന്റ് സ്റ്റേഷൻ ഓഫീസർ	..	84
21.	ലീഡിംഗ് ഫയർമാൻ	..	309
22.	ഫയർമാൻ ഡ്രൈവർ	..	619
23.	ഫയർമാൻ	..	1853
24.	ഡ്രൈവർ മെക്കാനിക്	..	74
	ആകെ	..	3172

LIBRARY ARCHIVES Kerala Legislative Assembly